
# വിൻഡോ.കോം

WINDOW.COM

# WINDOW .COM



## 2020-21

കവിത

# മഹാമാരിക്കെതിരെ പോരാടാം

പൊരുതുക നാം പൊരുതുക നാം
ജീവനുവേണ്ടി പോരുതുക നാം
അംഗബലം കുറയാതെ നാടിനെ
നമുക്ക് കാത്തീടാം
ചുമയും പനിയും ഉള്ളവരുമായ്
ഇത്തിരി അകലം പാലിക്ക



കണ്ണും,മൂക്കും,വായും നമ്മൾ
കൈകൾ കൊണ്ടു തൊട്ടീടരുത്
കൈകൾ നന്നായ് കഴുകുക നാം
വ്യക്തി ശുചിത്യം അവശ്യം
യാത്രകളൊത്തിരി ഒഴിവാക്കാം
റോഡിലിറങ്ങി നടക്കരുത്
ആൾക്കൂട്ടത്തിൽ പോകരുത്
അത്യാവിശ്യഘട്ടത്തിൽ മാസ് ക്ക്
ധരിക്കുക ആവശ്യം രാവും പകലും ഇല്ലാതെ
ഓടി നടക്കും പോലീസ് അവർക്കു നന്ദി നൽകീടാം
കൈകൾ കൊണ്ടു വണങ്ങീടാം
നാടിനെ കാക്കും രക്ഷകരെ
ധീരതയോടെ നമിച്ചിടാം
ജാഗ്രത വേണം ഈ നിമിഷം പരിഭ്രാന്തിയിൽ മുങ്ങരുത്.
പ്രളയത്തേയു നിപ്പയേയും അതി ജീവിച്ച കേരളനാട്
അതു പോലെ ഈ മഹാമാരി ഞങ്ങൾ അതിജിവിക്കുക
നാടിനെ നമുക്ക് കാക്കാം
നമ്മുടെ നാടിനെ നമുക്ക് കാത്തിടാം.



ബ്ളസ്സി 10A

..............................

കഥ

# വലിയ കഥ

സ്കൂൾ തുറന്നല്ലോ-ദേവു പറഞ്ഞു. ഉണ്ണിക്കുട്ടനും ഏറ്റുപറഞ്ഞു.എന്താ ഇവിടെയൊരു ബഹളം. മുകുന്ദൻ സാർ ക്ലാസ്സിൽഎത്തി.ക്ലാസ്സെടുത്തുകൊണ്ടിരിക്കുന്ന തിനിടയിൽ ഉണ്ണിക്കുട്ടൻ ചോദിച്ചു. സാറേ ,ഈ അവധിക്കാലം കൊറോണ കാരണം വളരെ ബോറായി.മുത്തശ്ശിയുടെ വീട്ടിൽ പോകാൻ പറ്റീലാ.നിങ്ങളുടെ അവധിക്കാലം ബോറായിരുന്നയെന്ന് എനിക്കറിയാം. എങ്ങനെ? നിങ്ങൾക്ക് മാത്രമല്ല ,എല്ലാവർക്കും ബോറായിരുന്നു. സാർ ,എങ്ങനെയാ കൊറോണ എന്ന ഭീകരൻ വന്നത്. കൃഷ് ണൻ ചോദിച്ചു. ചൈന എന്ന രാജ്യത്ത് ആദ്യം വന്നു. പിന്നെ ലോകമാകെ പരന്നു. അങ്ങനെ ഒട്ടനവധി ആളുകൾ മരിച്ചു.

ലോകത്തിൽ ഇങ്ങനെയൊരു സംഭവം ആദ്യമാണ്.മനുഷ്യർ എല്ലാവരും പതറി.ആർക്കും തന്നെ പുറത്തിറങ്ങാൻ പറ്റില്ല. ലോകത്തിലെ പകുതി മനുഷ്യനും ,ചികിത്സയിലും ,നീരിക്ഷണത്തിലും ,രോഗിയായും ജീവിതം തകർന്നു.ഇത് കേട്ട് ഉടനെ കുട്ടികൾ കരയുവാൻ തുടങ്ങി.എന്തിനാ നിങ്ങൾ കരയുന്നത് ? പാവമല്ല മനുഷ്യർ . കുട്ടികൾ പറഞ്ഞു. കരഞ്ഞെന്നും പറഞ്ഞ് മരിച്ചവർ ജീവിക്കുമോ? ഇല്ലാ.ങാ.ബെല്ലടിച്ചു.എല്ലാവരും ഇനി വീട്ടിൽ പൊയ് ക്കോളൂ.ഉണ്ണിക്കുട്ടൻ അമ്മേ ,അമ്മേ എന്നു വിളിച്ചു കൊണ്ട് ഓടി വന്നു.എന്താ മോനേ ,ക്ലാസ്സ് കഴിഞ്ഞോ? ങാ അമ്മേ. ഇന്ന് മുഹുന്ദൻ സാർ പറഞ്ഞു.കൊറോണ എന്ന ഭീകരൻ കാരണം ഒട്ടനവധിമനുഷ്യർ മരിച്ചെന്ന്.അതുകേട്ടപ്പോൾ ഞങ്ങളെല്ലാവരും.കരഞ്ഞു.മോനേ നീ ഇനിമുതൽ അനാവശ്യഘട്ടങ്ങളിൽ പുറത്തിറങ്ങരുത് കേട്ടോ. ങാ , അമ്മേ.ഇനിമുതൽ ഞാൻ കളിക്കാൻ പുറത്തിറങ്ങില്ല.

മഹാമാരി കൊറോണ കാരണം എത്രയോ മാനവരാശിയുടെ ജീവനൊടുങ്ങി. അഥവാ ഇനി കൊറോണ വന്നാൽ "എല്ലാവരും ഒന്നായിച്ചേർന്ന് പൊരുതുക മാത്രം ചെയ്യും " .“ഞങ്ങൾ പൊരുതുക മാത്രം ചെയ്യും.”

............................................ .സുനിജ 9A

കഥ

# തേങ്ങൽ

പണ്ട് ധാരാളം കുന്നുകളും മലകളും അരുവിയും നിറഞ്ഞ ഒരു ഗ്രാമമുണ്ടായിരുന്നു.അതാണ് മഞ്ചാടിമല.ഇവിടെ പാറയുടെ മുകളിൽ നിന്ന് പുല്ലാങ്കുഴൽ സംഗീതം ഒഴുകിയെത്തുന്നു.അവിടെ കിളികളുടെ ഒച്ചപ്പാടിൽ നിന്ന് മീനു എന്ന വിളി കേട്ടു. ഉടനെ പാറമേലുള്ള പുൽക്കൂടിലിൽ നിന്ന് മീനാക്ഷി അതായത് മീനു എന്ന പെൺകുട്ടി ഓടി വന്നു. അവളെ വിളിച്ചത് അവളുടെ കൂട്ടുകാരികളായിരുന്നു. മീനാക്ഷി ഒരു അച്ഛനില്ലാത്ത കുട്ടിയായിരുന്നു.ഒരു തീപ്പെട്ടി കമ്പനിയിലെ തൊഴിലാളി ആയിരുന്നു അവളുടെ അച്ഛൻ. ഒരു കാറപകടത്തിലാണ് അദ്ദേഹം മരിച്ചത്. ഇതറിഞ്ഞ മീനുവിൻെറ അമ്മ ശരീരം തളർന്ന് കിടക്കുകയാണ് . ശേഷിച്ച 2 സഹോദരികളും 3 സഹോദരന്മാരുമുണ്ട്. ഇവരിൽ ഒരു സഹോദരിക്ക് കണ്ണ് കാണാൻ കഴിയില്ല.

ഈ കുടുംബത്തിൻെറ അത്താണിയായി മീനാക്ഷി പൂക്കൾ ശേഖരിച്ച് അകലെയുള്ള പട്ടണത്തിൽ കൊണ്ട് പോയി വിൽക്കുമായിരുന്നു. ഒരു ദിവസം അനുജത്തി വീടിൻെറ കട്ടളയിൽ തട്ടി വീണു. ആഴത്തിലുള്ള മുറിവ് പറ്റി. രക്തം വാർന്നൊലിക്കാൻ തുടങ്ങി. മീനാക്ഷിക്ക് എന്ത് ചെയ്യാനാകും. ഒരു പൈസയുമില്ല. അവൾ മലയുടെ അടിവാരത്തുള്ള ഒരു വൈദ്യൻെറ അടുക്കൽ കൊണ്ട് പൊയി. വൈദ്യൻ ഒരു കുറിപ്പ് കൊടുത്തു. അതിൽ എഴുതിയിരിക്കുന്ന മരുന്നുകൾ വാങ്ങാൻ ആവശ്യപ്പെട്ടു. അവൾ ധൃതി കാട്ടിയെങ്കിലും രൂപ എവിടെ നിന്ന്. അവൾ ഓർത്തു.

അവൾ പലതും ചിന്തിച്ചുകൊണ്ട് നടന്നു. അമ്മക്ക് മരുന്ന് വാങ്ങിയില്ല. അനിയത്തിക്ക് എങ്ങനെ മരുന്ന് വാങ്ങും. പെട്ടെന്ന് എന്തോ ഓർമ്മ വന്ന പോലെ അവൾ വീട്ടിലേക്കോടി. കുട്ടയും എടുത്ത് മലയോരത്ത് ചെന്ന് പൂക്കൾ ശേഖരിച്ചു. ഈശ്വരാ എപ്പോൾ പട്ടണത്തിലെത്തും. പൂക്കൾ വിറ്റ് 20 രൂപ കിട്ടി. ഇത്രയും കൊണ്ട് എങ്ങനെ മരുന്ന് വാങ്ങും. അമ്മക്ക് തന്നെ 30 രൂപയാകും. അവൾ കരഞ്ഞുകൊണ്ടു ശങ്കരൻകുട്ടി ചേട്ടൻെറ കടയിൽ ചെന്ന് 20 രൂപ

കൊടുത്തിട്ട് ബാക്കി മരുന്ന് കടം ചോദിച്ചു.ഇപ്പോൾ ഒരു വലിയ തുക പറ്റുണ്ട് . ഇനി കടം തരില്ല എന്ന് പറഞ്ഞു.വേദന കൊണ്ട് പുളയുന്ന തന്റെ അനുജത്തിയുടെ കാര്യം പറഞ്ഞു. ദയവ് ചെയ്ത് മരുന്ന് തരണം എന്നപേക്ഷിച്ചു. അയാൾ ആര്യവേപ്പ് കൊടുത്തു. അപ്പോൾ കുറെ ആളുകൾ ഓടുന്നത് കണ്ടു. മീനു അന്വേഷിച്ചു. ആ മലയുടെ അടിവാരത്തിൽ ഒരു പെൺകുട്ടി മരിച്ചു എന്നവർ പറഞ്ഞു. അവൾ അനുജത്തി മരിച്ചിരിക്കുന്നു. ആ ശരീരം കണ്ട് അവൾ വിളിച്ചു. ശവശരീരം അവളുടെ കുടിലിൽ കൊണ്ട് വന്നു. അപ്പോഴും മീനു അലറിക്കരയുകയായിരുന്നു. ഇത് കേട്ട് എല്ലാവരും കരഞ്ഞു. മീനു പെട്ടെന്ന് പുറത്തേക്കിറങ്ങി ഓടി .....ഓർമകളിലൂടെ അവൾ ഓടുകയാണ്........

ഹരികൃഷ്ണൻ 9B



ലേഖനം

# കോറോണ എന്ന മഹാമാരി




ചൈന എന്ന മഹാരാജ്യം അവിടെ ഒരു സുന്ദരമായ വുഹാൻ എന്നൊരു കർഷകനും കുടുംബവും താമസിച്ചിരുന്നു. ഒരു ദിവസം നീഹാങിന്റെ തോട്ടത്തിലെ വിളവെടുപ്പ് സമയമായി നീഹാങ് തന്റെ ഭാര്യയോടു പറഞ്ഞു. “പച്ചക്കറികളെല്ലാം ഞാൻ വിളവെടുത്തു ഇനി അത് മാർക്കറ്റിൽ കൊണ്ടു പോയി വിൽക്കണം".അപ്പോൾ ഭാര്യ പറഞ്ഞു "ശരി".അങ്ങനെ നീഹാങ് വിളനെടുത്ത പച്ചക്കറികളുമായ് മാർക്കറ്റിൽ എത്തി.അവിടെ ഒരുടത്ത് ഒരു ചെറിയ റോഡിന്റെ അപ്പുറവും ഇപ്പുറവും വേസ്റ്റ് കൂമ്പാരങ്ങളായിരുന്നു അതിനിടയിലൂടെ പച്ചക്കറി വണ്ടി പോകുമ്പോൾ പച്ചക്കറി കെട്ടി വച്ചിരുന്ന ഒരു കൂട വേസ്റ്റ്കൾക്കിടയിൽ വീണു.നീഹീങും ജോലിക്കാരും അത് എടുത്ത് കൂടയിൽത്തന്നെ വച്ചു. അവൻ അതു വിറ്റു അവൻ കാശുമായ് വീട്ടിലേക്കു മടങ്ങുമ്പോൾ അവനെന്തോ അശ്വസത്ത തോന്നി. അവൻ അതു വലിയ കാര്യമായ് എടുത്തില്ല അവൻ വീട്ടിലേക്കു പോകും വഴി കുട്ടികൾക്കു മിട്ടായികളും മറ്റു സാധനങ്ങളും വാങ്ങി.എന്നിട്ട് അവൻ വീട്ടിലെത്തി. കുട്ടികളെ മാടി വിളിച്ചു അവർ അവരുടെ അച്ഛനെ ആലിംഗനം ചെയ്യുകയും ചെയ്തു കുറച്ചു കഴിഞ്ഞപ്പോൾ


അവന് ക്ഷീണവും,പനിയും,ചുമയും,ജലദോശവും അനുഭവപ്പെട്ടു.അവൻ ഉടനെ അവൻെറ ഭാര്യയോടു പറഞ്ഞു ."തീരെ വയ്യ നാളെ തോട്ടത്തിൽ പണിയെടുക്കാൻ എനിക്കു പറ്റില്ല എത്രയും വേഗം ജോലിക്കാരെ വിവരം  അറിയിക്കണം.അവർ നാളെ വരും.”ഉടൻ നീഹാങിൻെറ ഭാര്യ പറഞ്ഞു.അതൊക്കെ ശരി. നിങ്ങൾ ഉറപ്പായും നാളത്തന്നെ ആശുപത്രിയിൽ പേകണം.നീഹാങ് ഉടനെ ജോലിക്കാരെ വിളിച്ചു. അപ്പോൾ ജോലിക്കാരും പറഞ്ഞു ഞങ്ങൾക്കും തീരെ വയ്യ. എന്തുചെയ്യണം ? നീഹാങ് പറഞ്ഞു.നിങ്ങൾ വരണ്ട നാളത്തെ ജോലി മാറ്റിവച്ചു. കുറച്ചു കഴിഞ്ഞപ്പോൾ നീഹാങിന് ഒട്ടും വയ്യാതായി അവൻ ആശുപത്രിയിലേക്ക് പോയി അവൻ അവിടെ അഡ് മിറ്റായി.താമസിയാതെ അവൻെറ ഭാര്യയും, മക്കളും ജോലിക്കാരും അവരെല്ലാവരോടും ഇടപെട്ടവരും ആശുപത്രിയിൽ പ്രവേശിതരായി.

താമസിയാതെ അവർ ഓരോര്ത്തരും മരണത്തിനു കീഴടങ്ങി. ഡോക്ഡർമാരുടെ അന്വേഷണം അനുസരിച്ച് ഇവർ ഇവരെല്ലാവരോടും കൂടുതൽ അടുത്ത് ഇടപെട്ടവരെന്ന്. അവർക്കു മനസിലായി. അവരുടെ എല്ലാവരുടേയും ബ്ലഡ് സാമ്പിൾ കൂടുതൽ വിധക് ത പരിശോധനക്ക് അയച്ചു.അവർക്ക് ഇതിനെക്കുറിച്ചുകൂടുതൽ ഒന്നും മനസ്സിലായില്ല. പക്ഷേ ഒന്നും ഉറപ്പിച്ചു ഇതൊരു മാരകമായ വയറസ്സ് തന്നെയാണ്. അതങ്ങനെ സമൂഹത്തിൽ വലിയൊരു പ്രശ്ന്മായി മാറി. ചൈന എന്ന മഹാരാജ്യം മുഴുവനും ഇതു വ്യാപകമായ് പടരുകയും ,ജീവ നഷ്ടം ഉണ്ടാവുകയും ചെയ്യുതു. ചൈനയിൽ മാത്രമല്ല വേറെ ഒട്ടനവധി രാജ്യങ്ങളിൽ ഇതു പടർന്നു.വിദേശ രാജ്യങ്ങളിൽ നിന്നും യാത്ര ചെയ് തു എത്തുന്നവരിൽ ഇതു കാണപെട്ടു. അതിനാൽ കൂടുതൽ ജാഗ്രത വേണമെന്ന് അവിടത്തെ ഇതിനു നാമം നൽകി. ഇതിനിന്നു വരെ വാക് സിനോ മരുന്നോ കണ്ടു പിടിച്ചിട്ടില്ല. ഇന്നും ഇതിനൊരു പരിഹാരമായിട്ടില്ല.

ജിജാഷാബു 9C

കവിത

# നവകേരളം



കോവിഡിനെ തുരത്തിടുക
ഭീതിയെല്ലാം മാറിടും
ജാഗരൂകരായി നാം
കൊറോണയെ തോല് പിച്ചിടും

മാസ് കുകൾ ധരിച്ചിടും
കൈകൾ നന്നായ് കഴുകിടും
യാത്രകൾ നിയന്ത്രിച്ച്
വീട്ടിൽത്തന്നെ പാർത്തിടും

ഹസ്തദാനം വേണ്ടിനി
കൈകൾ കൂപ്പിയാദരം
മനസ്സുകൊണ്ട് സ്നേഹമോടെ
ആദരങ്ങളർപ്പിക്കും

പ്രാർഥന നമസ് കാരങ്ങൾ
നിറഞ്ഞ നമ്മുടെ വീടിനെ
കരുതലോടെ ദൈവം വസിക്കും
ദേവാലയങ്ങളാക്കിടാം

പൊതുനിരത്തിൽ തുപ്പിയാൽ
തോറ്റുപോകും നിശ് ചയം
വരും ദിനങ്ങൾ നമുക്കിനി
പരീക്ഷണത്തിൽ നാളുകൾ

രണ്ട് വൻപ്രളയവും
നിപ്പയും ജയിച്ച നാം
കൊറോണയും കടന്നുപോകും
ഭയപ്പെടേണ്ടതില്ല നാം

ആരോഗ്യപ്രവർത്തകൾ
പോലീസ് കെ.എസ് ഇ ബി യ് ക്കും
അഗ് നിശമന സേനയ് ക്കും
ആദരങ്ങളർപ്പിക്കാം.

പുറത്തു നിന്നും വരുന്നവർ
ക്വാറന്റൈനിൽ കഴിയണം
നിരീക്ഷണത്തിൽ നാളുകൾ
ക്ഷമയോടെ വീട്ടിലിരിക്കണം

ഉണരണം ഉയിർക്കണം
ഒറ്റക്കെട്ടായ് നിൽക്കണം
ഭിന്നചിന്തകൾ വെടിഞ്ഞ്
നവകേരളം പണിഞ്ഞീടാം.

ശ്രേയ 8A




കവിത

# മോക്ഷം

അകതാരിൽ അനവധി ആഗ്രഹങ്ങൾ

അവ സഫലമാകാൻ ഏറെ തടസ്സങ്ങൾ

മനുഷ്യജീവിതത്തിലുണ്ടാകുന്ന പ്രശ് നങ്ങൾ

പലപ്പോഴും പരിഹരിക്കാനാവുന്നുമില്ല എന്നത് സതവ്യവുമാകുന്നു

തെറ്റുളിൽ  നിന്നുള്ള പശ്ചാത്താപങ്ങൾ

വർദ്ധിച്ച് വരുന്ന പ്രതിസസ്സികൾ

എല്ലാം നിരാശ ജനിപ്പിച്ച പടികടന്നു

നന്മകളിലേക്കുള്ള വഴി തേടുന്നവർ

ചില ദുഃഖങ്ങൾ മറന്നിടുമ്പോൾ

പരിശ്രമം ആർജ്ജിച്ച് ആത്മധൈര്യം

വിജയം അരികെ...മുന്നേറുക...വീണ്ടും വീണ്ടും.......

ലേഖനം

# അധ്യാപകസമൂഹവും കൊറോണയും



കൊറോണ എന്ന അതിസൂക്ഷമ വൈറസ്സിലൂടെ ലോകം ഇന്ന് നേരിടുന്ന മഹാമാരിയാണ് കോവിഡ്-19.വിദ്യാലയങ്ങൾ അടഞ്ഞുകിടക്കുമ്പോൾ പഠനം വീടുകളിൽ സജീവമകുകയാണ്.അതേ, വീടുകളിൽ ക്ലാസ്സുമുറികൾ രൂപം കൊണ്ട് കഴിഞ്ഞു.ഓൺലൈൻ പഠനസംവിധാനങ്ങളിലൂടെ അധ്യാപകർ കുഞ്ഞുങ്ങളുടെ വീട്ടിലെത്തി വിദ്യപകർന്നുകൊടുക്കുകയാണ്.കേവലം പാഠപുസ്തകങ്ങളിലെ അറിവ് മാത്രമല്ല മറിച്ച് അതിജീവനത്തിന്റെ ഒരു വലിയ പാഠം കൂടെയാണ്. രക്ഷിതാക്കൾ കൂടെയാണ്. രക്ഷിതാക്കൾ കൂടെ പഠനപ്രവർത്തനങ്ങളിൽ പങ്കാളികളായപ്പോൾ അധ്യാപകർ തങ്ങളുടെ കുഞ്ഞുങ്ങൾക്ക് വേണ്ടി ചെയ്യുന്ന സേവനങ്ങളുടെ മൂല്യം പൊതു സമൂഹത്തിന് കൂടെ ബോധ്യമായി എന്നതിൽ സംശയമില്ല.

വളരെ ആശങ്കയോടെയാണ് പൊതുസമൂഹം ഓൺലൈൻ പഠനം ഏറ്റെടുത്തത്.എന്നാൽ അധ്യാപകരുടെ അവസതേചിതമാ് ഇടപെടലുകൾ പ്രതിസന്ധി ഘട്ടത്തെ അവസരോചിതമായി അഭിമുഖീകരിക്കാൻ കുഞ്ഞുങ്ങളെ പ്രാപ്തരാക്കി.കുട്ടിയുടെ സമഗ്രവികസനമാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യമെന്നിരിക്കെ അത്അക്ഷരാർഥത്തിൽ അത് ആർജിക്കാൻ വിദ്യാർത്ഥികൾക്ക് സാധിച്ചു. ക്ലാസ്സ്

മുറികളിൽആണെങ്കിലും പുറത്താണങ്കിലും തന്റെ മുന്നിൽ എത്തിപ്പെടുന്ന വിദ്യാർത്ഥികളെ അനന്തമായ അറിവുകളിലേക്ക് നയിക്കാൻ അധ്യാപകന് കഴിയണം.

അതുകൊണ്ട് തന്നെയാണ് പൊതുവിദ്യാലയത്തിലെകുഞ്ഞായ ഫായിസിന് താൻ ഒരു കടലാസുപ്പൂവ് ഉണ്ടാക്കാൻ ശ്രമിച്ചപ്പോൾ തനിക്കത് വിജയകരമായി പൂർത്തിയാക്കാൻ  കഴിയാഞ്ഞപ്പോൾ ചിലർക്ക് ശരിയാക്കിചെയ്യാൻ കഴിയില്ലെന്നും തനിക്ക് ശരിയായില്ലെന്നും ഒരു മടിയും കൂടാതെ പറയാൻ കഴിഞ്ഞത് തന്റെ ബലഹീനതകളെ മനസ്സിലാക്കാനും കഴിയുമ്പോഴാണ് ഒരു വ്യക്തി സമൂഹത്തിന് കൊള്ളാവുന്നവൻആകുന്നത് .സാധാരണയായി മനുഷ്യർക്ക് തങ്ങളുടെ ബലഹീനതകളെ മറയ്ക്കുവാനാണ്താല്പര്യം. എന്നാൽ തന്റെ ബലഹീനതകളെ തിരിച്ചറിഞ്ഞ് അതിന്റെ പരിഹാരമാർഗ്ഗങ്ങൾ സ്വയം കണ്ടെത്തുകയാണ് വേണ്ടത്. അത് തന്നെയാണ് നമ്മുടെ വിദ്യാലയങ്ങളിൽ നടന്നു കൊണ്ടിരിക്കുന്നത്.അറിവ് നിർമ്മാണപ്രക്രീയാണ് വിദ്യാഭ്യാസത്തിലൂടെ അർത്ഥമാക്കുന്നത്.

ഇതുവരെ അധ്യാപകരുമായി മുഖാമുഖത്തിലൂടെ കാര്യങ്ങൾ മനസ്സിലാക്കിയവർ അതിന് സാധിക്കാതെ വന്നപ്പോൾ ഓൺലൈൻ പഠനരീതി സ്വായത്തമാക്കിയത് എത്ര വേഗത്തിലാണെന്ന് നാം മനസ്സിലാക്കിയതാണല്ലോ. തന്റെ മുന്നിലുള്ള പ്രതിസന്ധി എന്ത്തന്നെയായാലും അതിനെ മറികടക്കാൻ ഇന്നത്തെ കുഞ്ഞുങ്ങൾക്ക് കഴിയും എന്നതിന് മറിച്ച് ഒരഭിപ്രായമില്ല.ഈ അടുത്ത നാളുകളിൽ തനിക്ക് പി.എസ്.സി റാങ്ക് ലിസ്റ്റിൽ നിന്നും ജോലി ലഭിച്ചില്ല എന്ന കാരണത്തിൽ അനു എന്ന യുവാവ് ആത്മഹ്ത്യ ചെയ്തത്  നാം മറക്കാനിടയില്ല. എന്നാൽ ഈ ജോലി ലഭിച്ചില്ലെങ്കിൽ ഇനിയും നല്ല ഒരു ജോലി ഞാൻ വാങ്ങും എന്ന ആത്മവിശ്വാസം ഉണ്ടാക്കിയെടുക്കാൻ അധ്യാപകർക്ക് കഴിയണം.ഈ ലോകത്ത് സ്ഥായിഭാവമുള്ളതൊന്നും ഇല്ലെന്നും എല്ലാം മാറ്റത്തിന് വിധേയമാകുന്നുവെന്നും മാറ്റത്തിന് മാത്രമാണ് മാറ്റമില്ലാത്തതെന്നും മഹാ പ്രളയത്തിലൂടെയും നിപ്പയിലൂടെയും കൊറോണയിലൂടെയും നാം മനസ്സിലാക്കി അതിജീവനത്തിന്റെ ഈ പാഠങ്ങൾ ഇനി വരുന്ന തലമുറയിക്കും കൈമാറാൻ നമ്മുടെ അധ്യാപകസമൂഹത്തിന് സാധിക്കട്ടെ എന്ന് ആശംസിച്ചുകൊണ്ടും അതിനായി പ്രയത്നിക്കുന്ന എല്ലാ നല്ല അധ്യാപകർക്കും പ്രണാമം അർപ്പിച്ചുകൊണ്ട് നമ്മളെ നടത്തിയ നമ്മുടെ അധ്യാപകരെ നമിച്ചുകൊണ്ടും നന്ദിപൂർവ്വം നിർത്തട്ടെ.

---------------------------------------------------

കവിത

# വനിതാ ശബ്ദം




വനിത തൻ ചിത്തതെ ചിന്താധാരയാൽ പരിലസിപ്പിക്കും
വനിതാ മണികൾക്ക നവജീവനാൽ ദീപം തെളിക്കും
വനിതാ ശക്തി തൻ ജ്യോതിസ്സേ
"വനിതാ ശബ്ദമേ" മനോമോഹിനി നിനക്കാശിഷം!

നിൻ കിരണങ്ങൾ എത്ര മോഹനം
നിൻ തുലികാ അതെത്ര ശക്തം
നിൻ ശബ്ദം അതെത്ര മാധുര്യം
നിൻ സൗഭഗം ഹാ എത്ര ഞാനാശിപ്പു...........!!

മന്ത്ര ധ്യനികളാൽ സാന്ത്വനമേകു
മന മലരുകളിൽ മരന്ദമേകു
മന:സിലെ മായയകറ്റി പ്രഭചൊരിയൂ
മാനവനാഥനിൻ സവിധേ അണയു

ജീവജലം നിറയട്ടെ നിൻ വചസ്സുകളിൽ
ജീവ ചൈതന്യം ഒഴുകി പരക്കട്ടെ

ജീവിതേ ശതിൽ അഭയം കണ്ടെത്തി

ജീവിക്ക "വനിതാ ശബ്ദമേ" വനിതയ്ക്കൊരാവേശമായി

ഉയർപ്പിൻ സമാധാനം മന്നിൽ നിറയ്ക്കാൻ

ഉയർപ്പിൻ പരിമളം പാരിൽ വിതറാൻ

ഉയരത്തിൽ നിന്നാശിഷമേകട്ടെ വനിതയ്ക്കിന്ന്

ഉയർപ്പിൻകാഹളധ്വനി വനിതാശബ്ദത്തിലൂടെ

.................................................................................................................



# കൊറോണക്കാലത്തെ ഒരു സംഭാഷണം

വീട്ടിലിരുന്ന് പാറുക്കുട്ടിക്ക് ബോറടിക്കാൻ തുടങ്ങി. അടുക്കളയിൽ പാചകം ചെയ്യുന്ന അമ്മയോട് അവൾ ചോദിച്ചു.

പാറുക്കുട്ടി :അമ്മേ എനിക്ക് പുറത്തു പോയി കൂട്ടുകാരോടൊത്ത് കളിക്കണം.

അമ്മ :മോളെ ഇപ്പോൾ കൊറോണ കാരണം പുറത്ത് പോകാൻ പാടില്ല.

പാറുക്കുട്ടി :അതെന്താ അങ്ങനെ? അല്ല! ഈ കൊറോണ എന്ന് വച്ചാൽ എന്താ? കുറേ ദിവസമായി കേൾക്കുന്നു.

അമ്മ :അത് മനുഷ്യരിൽ രോഗം പടർത്തുന്ന ഒരു തരം വയറസ്സാ, അതുകൊണ്ടാണ് പുറത്ത് പോകാൻ പാടില്ല എന്ന് പറഞ്ഞത്.

പാറുക്കുട്ടി :ഈ കൊറോണ വയറസ്സ് എന്ന് തീരും?

അമ്മ :അറിയില്ല മോളെ നമുക്ക് പ്രാർത്ഥിക്കാം, കഴയുന്നതും വീട്ടിലിരിക്കാം.

പാറുക്കുട്ടി :ഓക്കേ!



കവിത


# നീ എവിടേയ്ക്ക്



അരുണോദയത്തിനായി കാത്തിരിക്കും മർത്യാ
ആരുമറിയാതെ അന്തകൻ വന്നടുക്കും നേരം
അരുതേ എന്നോതിയാൽ വിടില്ലവൻ
അയ്യോ എന്നലറും നിന്നന്തരംഗം

അറിവും ധനവും പ്രശസ്തിയും കൈവെടിയും
ആഗ്രഹങ്ങളെല്ലാം കെട്ടടങ്ങും
അന്തരംഗം മന്ത്രിക്കും നീ എവിടേയ്ക്ക്
ആയുസ്സും തീരും ഒരു മിന്നടിപോലെ
കനൽക്കട്ട പോൽ എരിഞ്ഞമരും
കാനൽ ജലത്തിനായ് പായും നിൻ ജന്മം
കടൽത്തിരയ്ക്കു സമമാം ജീവിതം
കാലത്തിൻ ഹസ്തങ്ങളിൽ നിതപിയ്ക്കുന്നു

നിയതിയെ പഴിച്ചും ദുഷിച്ചും തീർക്കുന്നു
നിന്നുടയവനാരെന്നറിയാതെ
നിന്നിലെ ഞാനെന്ന ഭാവം വളരുന്നു
നിൻ സഞ്ചാരം മായയ്ക്കടിമായ് തുടരുന്നു
ഇനൻ ഉദിക്കുന്നു ഇന്നലെയും ഇന്നും നാളെയും
ഇരുട്ടു നൽകി മറയുന്നു കതിരോന്നും എന്നും തെറ്റാതെ
ഇന്ദുവിനേകും പ്രകാശം തമസ്സിലും
ഇരുട്ടു നൽകി പുറത്തുവരും പ്രഭാതേ.....



കഥ

# ലോക്ഡൗൺ വന്നപ്പോൾ

മുത്തശ്ശി.....മാളുവിനെ വിളിക്കുന്നു.മാളു.....എന്താ മുത്തശ്ശി......ഞാൻ നിനക്ക് ഒരു വൈറസിന്റെ കഥ പറഞ്ഞുതരാം.ഒരു ദിവസം ചൈനയിലെ വുഹാൻ എന്ന സ്ഥലത്ത് ഒരു വ്യക്തിക്ക് പനിയും തലവേദനയും ആയിരുന്നു. അങ്ങനെ ദിവസങ്ങൾ കഴിഞ്ഞു. ആ വ്യക്തി ആശുപത്രിയിൽ പോയപ്പോൾ ഡോക്ടർമാർ പറഞ്ഞു ഇത് മാരകമായ കോവിഡ്-19 എന്ന രോഗമാണ്.അദ്ദേഹം വീട്ടിൽ വന്നു പ്രാർത്ഥിച്ചു.പിന്നെ അദ്ദേഹത്തെ നിരീക്ഷണത്തിൽ ആക്കി.28 ദിവസം കഴിഞ്ഞപ്പോൾ രോഗമുക്തി പ്രാപിച്ചു വീട്ടിൽ വന്നു. മാളു ചോദിച്ചു എന്താ മുത്തശ്ശി ആ കോമഡി 19 പടർന്നു വ്യാപിക്കുന്നത്. കൊറോണ വൈറസ് ലോകമെമ്പാടും ആയല്ലോ. അതു മോളെ ആ വൈറസ് വ്യാപിക്കാൻ ഉള്ള കാരണം നമ്മുടെ  കൈ വായിലോ മൂക്കിലോ കൊണ്ടാൽ അത് നമ്മുടെ ശരീരത്തിൽ കയറി പറ്റും . അതുകൊണ്ട് ലോക്ഡൗൺ ആയി പ്രഖ്യാപിച്ചു. ആരും തന്നെ വീടുകളിൽ നിന്ന് പുറത്തിറങ്ങാൻ പാടില്ല.ലോക്ഡൗൺ പ്രഖ്യാപിച്ചപ്പോൾ എന്തൊക്കെ തടയാൻ പറ്റും?മാളു.....രോഗം പടരുന്നത്,

വായുമലിനീകരണം,എല്ലാവരും ഫാസ്റ്റ് ഫുഡ് നിർത്തി,ജനങ്ങൾ വീടുകളിൽ ഉണ്ടാക്കുന്ന ഭക്ഷണങ്ങൾ കഴിച്ചു തുടങ്ങി. പിന്നെ ആ വൈറസിനെ നേരിടാൻ പറഞ്ഞുതരാം. രോഗി സ്പർശിച്ച സ്ഥലത്തോ വസ്തുക്കളിലെ ഒരാൾ സ്പർശിക്കുന്നു, അയാൾ സ്പർശിക്കുന്നതിലൂടെ വൈറസ് മറ്റൊരാളിലേക്ക് വീണ്ടും പടരുന്നു.രോഗം വരാതിരിക്കാനുള്ള ഏറ്റവും വലിയ പ്രതിവിധി ഇടയ്ക്കിടെ സോപ്പ് ഉപയോഗിച്ച് വൃത്തിയായി കഴുകുക. മുത്തശ്ശി ഇങ്ങനെ ചെയ്താൽ കൊറോണ വൈറസ് വരില്ലയോ? ഇല്ല മോളെ.....അങ്ങനെ നമ്മുടെ ശാന്തസുന്ദരമായ ഈ ലോകം ഒരു മഹാ മാരിയിൽ പിടിക്കപ്പെട്ടു......................



കവിത

# പെൺകുട്ടി



എല്ലാവരും പോയ് വെയിൽക്കാറ്റേറ്റു
ദിങ് മുഖം വാടിക്കരിഞ്ഞുപോയ്
ഒരുവട്ടം കൂടിയാ നിറക്കൂട്ടിലാടിവാ
മൺതിടമ്പ് കോരിയിട്ട ശീലുകൾ നൽകാം.
തനിമയുടെ സൂര്യദിങ്മുഖം കോലം വരച്ചിടാം
കണ്ടില്ലേ നിലാവിന്റെ തീമുഖം പെയ്യതും
വിരലൂന്നി നടന്ന വഴികളിൽ
കാലം വടികുത്തി നിൽപ്പതും
ഒരു പൂവിതൾ കൂടി ഭൂമിയെ
ചുംബിക്കാനായ് കൊഴിയുന്നതും
വിഷസർപ്പങ്ങൾ കൂടൊഴിയുന്നതും
കുലപ്പെണ്ണുങ്ങളെ
ഒരുവട്ടം കൂടിയാ നിറക്കൂട്ടിലാടിവാ........



കവിത

# പുഞ്ചിരി

കണ്ണിണ പൂട്ടി കൈകൾ കൂപ്പി ഹൃത്തടം ഏകാഗ്രമാക്കി
കർതൃ സവിധേ പ്രാർത്ഥനയ്ക്കായ് നിൽക്കും നേരം
കേട്ടു ഞാനാ ശബ്ദം മിന്നിടി പോലവേ
അമ്മാ..... ധർമ്മം തരണേ, അമ്മാ.......
ഹോ ശല്യം അന്തരാത്മാവു മന്ത്രിച്ചു
വാതിൽ തുറന്നില്ല, ഉരിയാടിയില്ല
മനസിൻ വാതായനം കൊട്ടിയടച്ചു ഞാൻ
മെല്ലെ തുറന്നു; വായിക്കാനായി ദൈവ വചനം
അപ്പോഴും മുഴങ്ങിക്കേട്ടു ആ ശബ്ദം
കർണ്ണപുടങ്ങളെ തുളയ്ക്കും നാദം
അമ്മാ....കുടിയ്ക്കാനിത്തിരി വെള്ളം തരണേ
ഒപ്പം ശ്വാനന്റെ കുരയും, ദീനരോദനവും
കോപമോടു ചാടിയെണീറ്റു വാതിൽ തുറക്കവേ
കണ്ടു ഞാനാ സ്ത്രീയാം പേക്കോലത്തെ
കീറിപ്പറഞ്ഞ വസ്ത്രവും, പാറിപ്പറക്കും കാർകുന്തലും
കരിവാളിച്ചകവിൾത്തടവും ഉന്തിനിൽക്കും ദന്തനിരയും
കാന്തി മങ്ങിയ നയനങ്ങളും ഒട്ടിയ വയറും
കൈയിൽ ഭിക്ഷാപാത്രവും ഊന്നുവടിയും
നാറിയ ഭാണ്ഡവും, തോളിൽ മാറാപ്പും
മാറിൽ ചാഞ്ഞു മയങ്ങും ജീവിക്കും അസ്ഥികൂടവും...



# കൊറോണക്കാലം എന്റെ അനുഭവക്കുറിപ്പ്


കൊറോണക്കാലത്തെ എന്റെ അനുഭവം വളരെ വലുതും വിഷമകരവും ആയിരുന്നു.അവധിക്കാലത്ത് ഒരുപാട് ആഗ്രഹങ്ങൾ ഉണ്ടായിരുന്നു.പക്ഷേ ലോകത്തിലാകെ വ്യാപകമായ് പടർന്നു പിടിക്കുന്ന കൊറോണ എന്ന വൈറസ്സ് കാരണം അതൊന്നും നടന്നില്ല. ചർച്ചിലും പോകാൻ സാധിച്ചില്ല ഈ സമയം കൂടുതലും വേണ്ടത് ജാഗ്രതയുംപ്രാർത്ഥനയുമാണ്.ചർച്ചിൽ പോകാൻ കഴിഞ്ഞില്ലെങ്കിലും വീട്ടിലിരുന്ന് പ്രാർത്ഥിച്ചു.പിന്നെ വിനോദയാത്രയും തീരുമാനിച്ചിരുന്നു. അതിന്റെ സന്തോഷത്തിലായിരുന്നു.കൊറോണ കാരണം അതിനും പോകാൻ കഴിഞ്ഞില്ല.ആകെ സങ്കടമായി.ടൂറ് മാറ്റിവച്ചു.

പിന്നെ ഒന്നും ചിന്തിച്ചില്ല. ലോക് ഡൗൺ തീരുന്നതുവരെ വീട്ടിലിരിരിക്കാൻ തീരുമാനിച്ചു.പിന്നെ ലോക് ഡൗൺ നീണ്ടുനിൽക്കുമെന്ന് കണ്ടപ്പോൾ ചിത്രങ്ങൾ വരയ്ക്കാൻ തുടങ്ങി.അത് ഒരുപാടാവുംമ്പോൾ പതിപ്പ് ആക്കാം.6 -ാം ക്ലാസ്സിലെയും 5-ലേയും പുസ്തകങ്ങൾ വായ്ക്കും. പാട്ട് ക്ലാസ്സൊക്കെ ഉണ്ടായിരുന്നു,കോവിഡ് തീരുന്നതുവരെ അത് നിർത്തലാക്കി.പാട്ട് ക്ലാസ്സായിരുന്നു കൂട്ടുകാരെ കാണാൻ പറ്റുന്ന ആകെയുള്ള മാർഗ്ഗം. കൊറോണ കാരണം ആരെയും കാണാൻ പറ്റില്ല. കൂട്ടുകാരെയും ബന്ധുക്കളെയും ഫോണിൽ വിളിക്കും. ഫോണുള്ളതുകൊണ്ട് കൂട്ടുകാരെയും

ബന്ധുക്കളേയും ക്ലാസ്സ് ടീച്ചറിനേയും വിളിക്കാൻ പറ്റുന്നു. ലോക്ഡൗൺ പെട്ടെന്ന്തീരുന്ന ലക്ഷണമൊന്നുമില്ല എന്നു കണ്ടപ്പോൾ ഡയറി എഴുതാൻ തുടങ്ങി. പിന്നെകൊറോണയെക്കുറിച്ച് കവിതയും കഥയുമൊക്കെ എഴുതി. ക്ലാസ്സ് ടീച്ചറുമായി ഫോണിൽ ബന്ധപ്പെട്ട് എഴുതുന്ന കവിതകളും കഥയും പോസറ്ററും അങ്ങനെയെല്ലാം വാട്ട്സ്ആപ്പ് വഴി അത് ഫോട്ടോയിലും വീഡിയോയിലും അയച്ചുകൊടുക്കും.ഇതൊക്കെ സന്തോഷം നൽകുന്ന കാര്യങ്ങൾ ആയിരുന്നു.അനിയന്റെ കൂടെ കളിക്കുമായിരുന്നു.ഈ കോവിഡ് എത്രയും പെട്ടെന്ന് പോയിരുന്നെങ്കിൽ എന്നാണ് ഏറ്റവുമധികം പ്രാർത്ഥിച്ചത്.ഈ കോവിഡ് ഓരോരുത്തരിൽ നിന്നും മറ്റൊരാളിലേക്ക് പകരുമ്പോഴും

ഒരാളുടെ ജീവൻ നഷ്ടപ്പെടുമ്പോഴും സങ്കടം തോന്നും. കേരളം പതിയെപ്പതിയെ കരകയറാൻ തുടങ്ങിയപ്പോൾ ഗ്രീൻ സോണിലും , ഓറഞ്ച് സോണിലും സർക്കാർ ഇളവുകൾ അനുവദിച്ചു.അപ്പോൾ ചെറിയ സന്തോഷം തോന്നി.എന്നാലോ ഇളവുകൾ കൊടുത്തപ്പോഴേക്കും ആളുകൾ റോഡിലിറങ്ങാൻ തുടങ്ങി. മേലുദ്യോസ്ഥന്മാർക്ക് അതൊരു തലവേദനയായ്. അതുകൊണ്ട് ഇളവുകൾ ഒന്നുകൂടി തിരുത്തി.ഉള്ള സന്തോഷവും പോയി.ഗ്രീൻ സോണായിരുന്ന കോട്ടയവും ഇടുക്കിയും ഇന്ന് റെഡ് സോണായി രോഗികൾ കൂടി.ഇളവുകൾ കൊടുത്ത എല്ലാ ജില്ലകളിലും രോഗികൾ അധികമായി.രാവിലെ 9 മുതൽ 5 മണിവരെ തുറന്ന് പ്രവർത്തിച്ച കടകൾ രോഗികൾ കൂടിയ ശേഷം രാവിലെ 9 മണിമുതൽ 12 മണിവരെയാക്കി.പത്രങ്ങൾ വായിക്കുമ്പോഴും കൂടുതൽ വാർത്തകൾ കൊറോണയെപറ്റിയാണ്.ലോകമാകെ ഇന്ന് അതൊരു വലിയ ദുരന്തം തന്നെയാണ്. പ്രളയവും നിപ്പയു എല്ലാം നമ്മളിലൂടെ കടന്നു പോയി.അതിനെയൊക്കെ നമ്മൾ തരണം ചെയ്തു.അതുപോലെ ഈ മഹാമാരിയെയും തരണം ചെയ്യാൻ ശക്തി നൽകാൻ നമുക്ക് സർവ്വേശ്വരനോട് പ്രാർത്ഥിക്കാം. ഇന്നും ലോകത്തിലാകെ പടർന്ന് പിടിച്ചുകൊണ്ടിരിക്കുന്നു. അത് എത്രയും വേഗം ഈ ലോകത്തിൽ നിന്നു പോകുവാനായി പ്രാർത്ഥനയും ജാഗ്രതയും ആവശ്യമാണ്.ആർക്കും പരിഭ്രാന്തി വേണ്ട ജാഗ്രത മതി.





# സംഭാഷണം

യാത്രക്കാരൻ:എങ്ങോട്ടാ, പോകുന്നത്?

അച്ഛൻ:ഒരു കല്യാണത്തിനാ.

മീരാ:ങാ.

അച്ഛൻ:എന്താ?

യാത്രക്കാരൻ:കൊറോണയല്ലേ ,വീട്ടിൽനിന്ന് പുറത്തിറങ്ങരുതെന്നാണ് സർക്കാരിന്റെ നിർദ്ദേശം.

മീര:അച്ഛാ വാ പോവാം.

അച്ഛൻ:നിൽക്ക് മോളെ .വീട്ടിൽ പോകാം വാ.

മീര:കല്യാണത്തിന് പോയേ പറ്റൂ.സർക്കാർ പറഞ്ഞിട്ടുണ്ടല്ലോ?

യാത്രക്കാരൻ:എന്തെന്ന് കല്യാണത്തിന് പോകാനോ?,അതോ വീട്ടിൽ നിന്ന് പുറത്തിറങ്ങാനോ?

മീര:അല്ല,പോകാമെന്ന്.

അച്ഛൻ:മോളെ, നീ പറഞ്ഞത് തെറ്റാ.

യാത്രക്കാരൻ:പോകാമെന്ന് പറഞ്ഞിട്ടില്ലാ കുട്ടീ.കുട്ടി അവരുടെ ആരാ?

മീര:എന്റെ കൂട്ടുകാരിയുടെ ചേച്ചിയുടെ കല്യാണമാ.

യാത്രക്കാരൻ:അത്രമാത്രമേയുള്ളോ ബന്ധം?

മീര:ങാ.

യാത്രക്കാരൻ:തീരെ ആവശ്യഘട്ടങ്ങളിലാണ് പുറത്തിറങ്ങാൻ പറഞ്ഞിട്ടുള്ളത്.

അച്ഛൻ:അല്ലാ ,നിങ്ങളെന്താ ഇവിടെ?

യാത്രക്കാരൻ:ഈ വിവരം അറിഞ്ഞ് വീട്ടിൽ പോകുന്നതാ.

അച്ഛൻ:മോളെ ,ഇനി വീട്ടിൽ പോവാം.

മീര:ങ്ഉം


യാത്രക്കാരൻ:വീട്ടിലിരിക്കു ,സുരക്ഷിതരാകു.

(എല്ലാവർക്കും വീട്ടിലിരിക്കാം,സുരക്ഷിതരാകാം)



പാട്ട്

# കൊറോണ -തുള്ളൽപ്പാട്ട്




കൊറോണയെന്ന വൈറസിനെ നാം
നിസ്സാരമായി കരുതീടരുതേ
പ്രതാപിയായ കൊറോണ വൈറസ്
ക്ഷണിച്ചിടാതെ വീട്ടിൽ വരില്ല

തുമ്മുമ്പോഴും ചുമയ്ക്കുമ്പോഴും
വായ് മറയ്ക്കാം മാസ്കുകളാലെ
കൈകൾ കൊടുക്കാതെ വന്ദിച്ചീടാം
ആശ്ലേഷിക്കാം മനസ്സുകൾ കൊണ്ട്

പുറത്തുപോയിട്ടകത്തു വന്നാൽ
സോപ്പുകൊണ്ട് കൈകൾ കഴുകാം
വീട്ടിലിരിക്കും വൃദ്ധജനങ്ങളെ
സംരക്ഷിക്കാം സ്നേഹത്തോടെ

വീട്ടിലിരിക്കാം അകന്നിരിക്കാം
ഒരുമിക്കാനായ് ഒറ്റയ്ക്കാക്കാം
ഭയപ്പെടേണ്ട ജാഗ്രതമാത്രം
അതിജീവിക്കാം ഒത്തൊരുമിച്ച്

കോവിഡ് വന്ന് ചികിത്സിക്കുന്നതിനേക്കാൾ
കോവിഡ് വരാതെ സൂക്ഷിച്ചീടാം
വ്യക്തി ശുചിത്വം പരിസരശുചിത്വം
സംസ്കാരമായി നമുക്ക് വളർത്താം.




-
പുഷ്പറാണി റ്റീച്ചർ

കവിത

# ചാവേർ

പകലന്തിശ്വാസം വലിച്ചുകൊണ്ടിരിക്കേ,
മാരുതൻ നിശബ്ദമായി തുറന്ന വാതിലിലൂടെ,
ശത്രുരാജ്യത്തിൽ നാശം വിതയ്ക്കും
വിമാനംപോൽ ഇരമ്പലുമായ് വന്നുനീ,
എൻറിടത്തു കയ്യിലിരുന്നവൊരു പോരാളിപോൽ
ശംഖുവരയനസാമ്യമാം നിൻമേനിക്ക്
ഊറ്റിയചോര ചുവപ്പ് രാശി നൽകി.
ഒന്ന് രണ്ടടി മുന്നോട്ടുവെച്ച്, രണ്ടുകാലുയർത്തി,
കുഴൽക്കിണർകുഴിക്കും യന്ത്രംപോൽ,
കുത്തിയിറക്കിനിൻ കുന്തമുന നിർദ്ദയം.
ചോരയ്ക്കുപ്പകരമെന്തുനീ തരും,
രോഗാണുബീജങ്ങളല്ലാതെ.
പതുക്കെയുയർന്ന പെട്ടെന്നുതാഴ്ന്ന
എൻ വലത്തുകൈത്തലത്തിനടിയിൽ
ആ ചാവേർ ജീവൻ വെടിഞ്ഞു



കവിത

# പുറത്ത് ഇറങ്ങരുതേ......

അരുതേ അരുതേ പുറത്ത് ഇറങ്ങരുതേ.......
ലോകമോ കൊറോണ വൈറസിന് കൈയ്യിലായ്
നാം ശുദ്ധമായ് ജീവിച്ചെ മതി വരൂ
ആരെ വിഴുങ്ങേണ്ടു, എന്ന് അലറുന്ന സിംഹമായ് കൊറോണ വൈറസ്

കൊറോണ എന്ന വൈറസിനെ തുരത്താൻ
നീയോ ദൈവത്തിൻ പുത്രനായ്
പാപം വിട്ടോടി, നീതി, ഭക്തി, വിശ്വാസം,
സ്നേഹം, ക്ഷമ, സൗമ്യത എന്നിവ പിന്തുടരൂ

മുഖത്തിന് മാസ്കും സുരക്ഷാവസ്ത്രവും
പോരാ എന്നു വരികിൽനാം ഒരു മനപ്പെട്ട്
ദുഷ്ടന്റെ തീയമ്പുകളെതകർത്തു കളവാൻ
തക്ക വിശ്വാസം എന്ന പരിച എടുത്തു കൊണ്ടു നില്ക്കാം

ANAND.S.S 9B



കവിത

# ജാഗ്രതയോടെ ഒറ്റക്കെട്ടായ്............

അമ്മയാകും ഭൂമികുഞ്ഞാകുന്ന മനുഷ്യനെ
തൻ മടിത്തട്ടിൽ ഉണ്ണിയെപ്പോൽ കാക്കു സോൾ
മനുഷ്യൻ ഭൂമിയെ ഇല്ലാതാക്കി
ലോകം കുഞ്ഞൻ ഭീകരൻ തൻ പിടിയിലായി.

പലവിധമാം ദുരിതങ്ങൾ തന്നമഴയായ് ചൊരിഞ്ഞതാദ്യം,
പ്രളയമായ് പിന്നെമനുഷ്യ ജീവനെ കാർന്നുതിന്നുന്ന
മഹാമാരിയും അതിജീവിക്കും നമ്മൾ വൈറസിനെ ഒറ്റക്കെട്ടായ്.

പാലിക്കു മിനിയെന്നും ഭൂമി മാതാവിനെ
ഇനിയുമൊരനർത്ഥത്തിനിട വരുത്താതെ
മാറ്റിടും പഴയ പ്രകാശത്തോടെ
മാറ്റിടും'ദൈവത്തിൻ സ്വന്തം നാടായ്.


APARNA.A.S 9C



കുറിപ്പ്

# വേറിട്ടൊരു കാലം

വരും തലമുറകളിലും നമ്മൾ ഇപ്പോൾ പ്രതിനിധീകരിക്കുന്ന ഈ സംഭവങ്ങൾ കുട്ടികൾ പഠിക്കും. ഇതൊരു ചരിത്രമാകും. ലോകം മുഴുവൻ ഒരേ ഒരു ശത്രു വിനെ കണ്ട് ഭയക്കുന്ന ഈ കാലം ജാതി മത വർഗ്ഗവർണ്ണ വ്യത്യാസം കോവിഡ് 19 എന്ന വൈറസിനില്ല. ചൈനയിലെ വുഹാൻ എന്ന പ്രവിശ്യയിൽ ആരംഭിച്ച് ലോകം മുഴുവൻ ഈ വൈറസ് വ്യാപിച്ചു.ഞാനിന്ന് ഇത് എഴുതുമ്പോൾ മരണം ഒരു ലക്ഷം കടന്നിരിക്കുന്നു.





കവിത

# ദൈവത്തിന്റെനാട്




തുമ്പകൾ പൂക്കും കേരളനാട്
മാവേലിമന്നൻ ഭരിച്ചൊരു നാട്
നമ്മുടെ സ്വന്തം കേരളനാട്
കൃഷിയും ,മണ്ണും നമ്മുടെ സ്വന്തം
മലയാളികളുടെ ജീവൻനാട്
കാടുകൾ നിറഞ്ഞൊരു നാട്
മലനാടെന്നും പേര്
നമ്മുടെ ഐശ്വര്യം കേരളനാട്
കേരളമില്ലേൽ നാമില്ലാ
ഒത്തൊരുമയാണെൻ കേരളം
എന്നുടെ നാട് കേരളം



ഓർമകുറിപ്പ്

# എന്റെ വിദ്യാലയ സ്മരണകൾ

ഞാൻ ആദ്യമായി എന്റെ അമ്മയുമൊത്ത് സ്കൂളിലെത്തി .എല്ലാവരും സന്തോഷത്തോടെ പൂക്കളും മിഠായികളും തന്നാണ് സ്കൂളിലേയ്ക്ക് സ്വീകരിച്ചത് .അങ്ങനെ ഞാൻ ഒന്നാം ക്ലാസിലെത്തി .അപ്പോൾ എനിക്ക് ഏറെ സന്തോഷം തോന്നി. കാരണം എനിക്കറിയാവുന്നതും എന്നെ അറിയുന്നതുമായ ധാരാളം കൂട്ടുകാരുണ്ടായിരുന്നു. ക്ലാസ് ടീച്ചർ ഓരോരുത്തരുടേയും പേരും സ്ഥലവും ചോദിച്ചറിഞ്ഞു. അന്ന്ഞാൻ വീട്ടിൽ വന്ന് അമ്മയു മായി ആ ദിവസത്ത കാര്യങ്ങൾ പങ്കുവച്ചു ഞാൻ എല്ലാ ദവസവും മടി കൂടാതെ സ്കൂളിൽ പോവുകയും നന്നായി പഠിക്കുകയും ചെയ്യുമായിരുന്നു .

ഒരു ദിവസഠ ഹോംവർക്ക് ചെയ്യാതയും പഠിക്കാതെയും ഞാൻ സ്കൂളിലെത്തി. അന്ന് ടീച്ചർ ശരിക്കും വഴക്ക് പറഞ്ഞു. പിന്നെ ഒരിക്കലും ഇതാവർത്തിച്ചില്ല. അതു കാരണം എനിക്ക് എല്ലാ വിഷയങ്ങൾക്കും നല്ല മാർക്ക് ലഭിച്ചു. ആറാംക്ലാസിലെ സാർ നല്ല തമാശക്കാനായിരുന്നു. എന്തു പഠിപ്പിച്ചാലും ഒന്നു ചിരിപ്പിക്കും.. വിദ്യാലയാനുഭവങ്ങൾ ഇപ്പൊഴും തുടർന്നു കൊണ്ടിരിക്കുന്നു......




നന്ദി.

